## പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **18.06.2018-ന് മറുപടിയ്ക്ക്**
നിയമസഭാ ചോദ്യം നം. 2777

# വിദ്യാർത്ഥികളിലെ വായനാ ശീലം വളർത്തുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിൽ വായനാ ശീലം വളർത്തുന്നതിനായി സർക്കാർ സ്കൂളുകളിൽ പുതിയ പദ്ധതി എന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. വിദ്യാർത്ഥികളിൽ വായനാ ശീലം വളർത്തുന്നതിനായി സർക്കാർ പ്രൈമറി സ്കൂളുകളിലേയും ഹൈസ്കൂളുകളിലേയും ലൈബ്രറികൾക്കായി പുസ്തകം വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതുകൂടാതെ എല്ലാ വർഷവും ജൂൺ 19 മുതൽ ജൂലൈ 7 വരെ കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വായനാപക്ഷമായി ആചരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ക്ലാസ്സ് മുറികളിൽ ഒരുക്കുന്ന വായനശാലയിലേക്ക് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്? | (ബി) | ഉണ്ട്. സർക്കാർ പ്രൈമറി സ്കൂളുകളിൽ ലൈബ്രറികൾ ഒരുക്കിക്കൊണ്ട് അത്തരം ലൈബ്രറികൾക്കായി പുസ്തകം വാങ്ങി നൽകുന്നതിനും ഹൈസ്കൂളുകളിൽ ലൈബ്രറികൾക്കായി പുസ്തകം വാങ്ങി നൽകുന്നതിനുമായി ഈ സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

Namitha P
സെക്ഷൻ ഓഫീസർ